ഉത്തരം

(എ) ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ ഇടുക്കി ജില്ലയിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് യൂണിഫോം, ബാഗ്, പുസ്തകം, നോട്ട് ബുക്കുകൾ എന്നിവ സൗജന്യമായി ഇടുക്കി ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിക്കപ്പെട്ട പ്ളാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയിൽനിന്നും തുക വിനിയോഗിച്ച് നൽകി വരുന്നു.

(ബി) തുക അനുവദിച്ചിട്ടില്ല. എന്നാൽ പ്ളാന്റേഷൻ റിലീഫ് ഫണ്ട് ഉപയോഗിച്ച് 10998 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകിയിട്ടുണ്ട്. 426 പേർക്ക്കൂടി ഇത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 9-5-2003-ൽ ഇടുക്കി ജില്ലാ കളക്ടർ ചെയർമാനായും പ്ളാന്റേഷൻ ചീഫ് ഇൻസ്പെക്ടർ കൺവീനറായും സർക്കാർ രൂപീകരിച്ച പ്ളാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്ക് 21-4-2004-ൽ സീഡ് ക്യാപ്പിറ്റൽ എന്ന നിലയിൽ അനുവദിച്ചിട്ടുള്ള 5 കോടി രൂപയിൽ നിന്നും തോട്ടം തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി 89,80,265 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേക അപേക്ഷകൾ ആവശ്യപ്പെട്ടിരുന്നില്ല. വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ച് നൽകിയ ലിസ്റ്റ് പ്രകാരമാണ് 10998 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തത്.

(ഡി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ കോളേജ് വിദ്യാഭ്യാസത്തിന് ഫീസ് നൽകുന്നതിനായിട്ടുള്ള ഒരു പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ നിയമനങ്ങളിലെ ക്രമക്കേട്

71 [3500] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാറുണ്ടോ;

(ബി) നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റ് മറികടന്ന് ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സീനിയോറിറ്റി ലിസ്റ്റ് മറികടന്ന് നിയമനം നടത്തിയത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ഡി) പരാതികൾ സംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ടോ; ഏത് തരത്തിലുള്ള അന്വേഷണമാണ് നടത്തിയിട്ടുള്ളത്; അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പാലക്കാട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ പാർട്ട് ടൈം സ്വീപ്പർമാരെ എംപ്ലോയ്മെന്റ് വഴി തെരഞ്ഞെടുത്തതിൽ ക്രമക്കേട് നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ഉദ്യോഗദായകൻ അറിയിക്കുന്ന ഒഴിവുകളിലേക്ക് നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൽനിന്നും യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകുക മാത്രമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ചെയ്യുന്നത്. സീനിയോറിറ്റി ലിസ്റ്റ് മറികടന്ന് ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്തിട്ടുള്ളത് സംബന്ധിച്ച് 16 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) പരാതികൾ സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തുകയും, 16 പരാതികളിലായി 24 ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ച് തൊഴിൽ വകുപ്പിൽ പരാതി ലഭിച്ചിട്ടില്ല.

കെ. എസ്. ആർ. ടി. സി. റൂട്ടുകളിൽ സ്വകാര്യ ബസ്സ് പെർമിറ്റ്

72 [3506] *ശ്രീ. കെ. എൻ. എ. ഖാദർ:*
,, *സി. മോയിൻകുട്ടി:*
,, *ടി. പി. എം. സാഹിർ:*
,, *സി. മമ്മൂട്ടി:*
,, *പി. കെ. അബ്ദുറബ്ബ്:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകൾ സർവ്വീസ് നടത്തിവരുന്ന പ്രധാനപ്പെട്ട റൂട്ടുകളിൽ സ്വകാര്യ ഉടമകൾക്ക് ബസ്സ് റൂട്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) ഇത് കെ. എസ്. ആർ. ടി. സി. യുടെ വരുമാനത്തെ ദോഷകരമായി ബാധിക്കുന്ന കാര്യം പരിഗണിക്കാതെ റൂട്ടുകൾ അനുവദിച്ചത് എന്തുകൊണ്ട് എന്ന് പറയുമോ;

(ഡി) ഇങ്ങനെ അനുവദിച്ചിട്ടുള്ള റൂട്ടുകൾ റദ്ദാക്കുന്നതിനും ആവശ്യമെങ്കിൽ കൂടുതൽ ബസ്സുകൾ ഇറക്കി കെ. എസ്. ആർ. ടി. സി. സർവ്വീസ് നടത്താനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly